# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3117

24.02.2016 -ൽ മറുപടിക്ക്

## കേരള പബ്ളിക് സർവ്വീസ് കമ്മീഷനിൽ ഇ - ഗവേണൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.റ്റി. ജോർജ്<br>" ഐ.സി.ബാലകൃഷ്ണൻ<br>" പി.എ.മാധവൻ<br>" കെ.മുരളീധരൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കേരള പബ്ളിക് സർവ്വീസ് കമ്മീഷനിൽ ഇ - ഗവേണൻസ് നടപ്പാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് ;<br><br>(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (എ) & (ബി) കേരള പബ്ളിക് സർവ്വീസ് കമ്മീഷനിൽ ഇ - ഗവേണൻസ് നടപ്പിലാക്കിയത് മൂന്ന് ഘട്ടങ്ങളായാണ്. ഒന്നാമത്തെ ഘട്ടത്തിൽ തെരഞ്ഞെടുപ്പ് പ്രക്രിയ കമ്പ്യൂട്ടർ വൽക്കരിക്കുന്നതിന്റെ ഭാഗമായി; CMC വഴി REACT എന്ന സോഫ്റ്റ് വെയർ തയ്യാറാക്കുകയും, ഒ.എം.ആർ വാല്യുവേഷൻ ആരംഭിക്കുകയും, അഡ്മിഷൻ ടിക്കറ്റ് സംബന്ധമായ എൻക്വയറി കമ്പ്യൂട്ടർവത്കരിക്കുകയും 2003 ൽ കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റ് ആരംഭിക്കുകയും ചെയ്തു. രണ്ടാം ഘട്ടത്തിൽ വൈഡ് ഏരിയ നെറ്റ് വർക്ക്(WAN) ഉപയോഗിച്ച് ആസ്ഥാന ഓഫീസിലെ പ്രവർത്തനങ്ങളെ ജില്ലാ മേഖലാ ഓഫീസുകളുമായി ബന്ധിപ്പിക്കുന്നതിനായി REACT സോഫ്റ്റ് വെയർ നവീകരിച്ച് i-REACT എന്ന സോഫ്റ്റ് വെയർ തയ്യാറാക്കുകയും സെക്ഷൻ തലത്തിൽ കമ്പ്യൂട്ടർ വത്കരണം നടപ്പിലാക്കുകയും സ്വന്തമായി സെർവറുകൾ ഡാറ്റാബേസിനായി തയ്യാറാക്കുകയും ചെയ്തു. 2007 ജനവരി മുതൽ ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുകയും, വെബ്മെയിൽ സംവിധാനം ആവിഷ്കരിക്കുകയും ചെയ്തു. മൂന്നാം ഘട്ടത്തിൽ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ പൂർണ്ണമായും കമ്പ്യൂട്ടർ വത്കരിച്ച് വിജ്ഞാപനം നടന്ന് ഒരു വർഷത്തിനുള്ളിൽ റാങ്ക് പട്ടിക പുറത്തിറക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 2010 ൽ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. 2011 ൽ M-Governance ആരംഭിച്ചത് വഴി ഉദ്യോഗാർത്ഥികൾക്ക് മൊബൈൽ ഫോണിൽ മെസേജുകൾ നൽകാൻ കഴിയുന്നു. ഒറ്റത്തവണ |

രജിസ്ട്രേഷൻ 01.01.2012 ൽ ആരംഭിച്ചു. 2012 ൽ ഡിപ്പോർട്ട്മെന്റൽ ടെസ്റ്റിന് ഒ.എം.ആർ മൂല്യനിർണ്ണയം ആരംഭിച്ചു. കൂടാതെ ഉദ്യോഗാർത്ഥികൾക്ക് അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്യാൻ സാധിക്കുന്ന വിധത്തിൽ കമ്പ്യൂട്ടർവത്കരണം പുരോഗമിച്ചിട്ടുണ്ട്. C-DIT ന്റെ സഹകരണത്തോടെ 07.09.2013 മുതൽ ഓൺലൈൻ പരീക്ഷ നടത്തിവരുന്നു. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം എന്നിവിടങ്ങളിലായി മൂന്ന് ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ പി.എസ്.സി ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലുണ്ടാകുന്ന ഒഴിവുകൾ കാലവിളംബം കൂടാതെ പി.എസ്.സിയെ അറിയിക്കുന്നതിനായി e-vacancy എന്ന സോഫ്റ്റ് വെയറും ആരംഭിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ വേഗത്തിലും സുതാര്യവുമാക്കാനാണ് പി.എസ്.സിയിൽ ഇ-ഗവേണൻസ് നടപ്പിലാക്കിവരുന്നത്.

| | |
|---|---|
| (സി) ഇതു നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ചാണ് കേരള പബ്ലിക് സർവീസ് കമ്മീഷൻ ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം നടത്തിവരുന്നത്. കോഴിക്കോട് ജില്ലയിൽ ഓൺലൈൻ പരീക്ഷാ കേന്ദ്രം സ്ഥാപിക്കുന്നതിനായി സിവിൽ & ഇലക്ട്രിക് വർക്കുകൾക്ക് തുക അനുവദിക്കുന്നതിനായി ടി പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനാവശ്യമുള്ള എസ്റ്റിമേറ്റ് സഹിതം പ്രൊപ്പോസൽ സമർപ്പിക്കുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**